പത്രക്കുറിപ്പ്
12-6-2018

### മാതൃകാപരമായ പ്രവർത്തന മികവ്:

# കുടുംബശ്രീ അയൽക്കൂട്ട പ്രതിനിധികൾ ദേശീയ അവാർഡ് സ്വീകരിച്ചു

തിരുവനന്തപുരം: രാജ്യത്തെ മികവുറ്റ അയൽക്കൂട്ട പ്രവർത്തനങ്ങൾക്ക് ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (എൻ.ആർ.എൽ.എം) ഏർപ്പെടുത്തിയ അവാർഡ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ലഭിച്ചു. ന്യൂഡൽഹിയിലെ പുസാ എ.പി.ഷിൻഡെ ഹാളിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമവികസന മന്ത്രി നരേന്ദ്ര സിങ്ങ് ടോമർ ഒരു ലക്ഷം രൂപയും ശിൽപവും പ്രശംസാപത്രവുമടങ്ങിയ അവാർഡ് സമ്മാനിച്ചു. തിരുവനന്തപുരം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ.കെ.ആർ.ഷൈജു, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സിയാദ്.എസ്, അയൽക്കൂട്ട പ്രതിനിധികളായ രാധിക.ഓ, പ്രിയങ്ക.വി, സി.ഡി.എസ് ചെയർപേഴ്സൺ പ്രസന്ന കുമാരി, തൃശൂർ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ബൈജു മുഹമ്മദ് എം.എ, അയൽക്കൂട്ടം ഭാരാഹികളായ ഓമന ഗോപി, നജീറ, സി.ഡി.എസ് ചെയർപേഴ്സൺ മിനി.എ.കെ എന്നിവർ സംയുക്തമായി അവാർഡ് സ്വീകരിച്ചു.

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ പഞ്ചായത്തിലെ ശ്രീകൃഷ്ണ, തൃശൂർ ജില്ലയിലെ കൈയ്പമംഗലം പഞ്ചായത്തിലെ ഗ്രാമലക്ഷ്മി എന്നീ അയൽക്കൂട്ടങ്ങളാണ് അവാർഡ് നേടിയത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മറ്റ് അയൽക്കൂട്ടങ്ങൾക്കും മാതൃകയാകുന്ന വിധത്തിൽ മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ച വച്ചതിനാണ് അവാർഡ് ലഭിച്ചത്. അയൽക്കൂട്ട യോഗങ്ങളുടെയും പങ്കെടുത്ത അംഗങ്ങളുടെയും എണ്ണം, ഓരോ അംഗത്തിന്റെയും ശരാശരി ഹാജർ, പരിശീലനം ലഭിച്ച അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം, അയൽക്കൂട്ടങ്ങളിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്ന അംഗങ്ങളിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം, ആകെ സമ്പാദ്യം, കോർപ്പസ് ഫണ്ടിന്റെ വിതരണം, ആന്തരിക വായ്പയുടെ എണ്ണം, ലഭിച്ച കമ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്, കോർപ്പസ് ഫണ്ട്, ലഭിച്ച ബാങ്ക് വായ്പകളുടെ എണ്ണം, ബാങ്ക് വായ്പകൾ കൊണ്ട് തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം, വാർഷിക വരുമാനം, അതിൽ ഉൾപ്പെടുന്ന സംരംഭകരുടെ എണ്ണം, സംരംഭത്തിന്റെ സാധ്യത, വരുമാന ലഭ്യത, സുസ്ഥിരത, വ്യക്തിഗത സംരംഭങ്ങളുടെ എണ്ണം, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ കൃത്യത, വ്യക്തിഗത ബാങ്ക് അക്കൗണ്ടുള്ള അംഗങ്ങളുടെ എണ്ണം, ഇൻഷ്വറൻസ് പരിരക്ഷയുള്ള അംഗങ്ങളുടെ അനുപാതം, വീടുകളിൽ ശുചിമുറിയുള്ള അംഗങ്ങളുടെ അനുപാതം, നേതൃഗുണം എന്നിവയാണ് അവാർഡ് നിർണയത്തിന് പരിഗണിച്ചത്.

അവാർഡു നിർണയത്തിനുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി അതത് ജില്ലാമിഷനുകളുടെ നേതൃത്വത്തിൽ ജില്ലാതലത്തിലെ ഏറ്റവും മികച്ച മൂന്ന് അയൽക്കൂട്ടങ്ങളെ വീതം തിരഞ്ഞെടുത്ത് സംസ്ഥാനമിഷനിൽ സമർപ്പിച്ചിരുന്നു. ഇപ്രകാരം സമർപ്പിച്ച 42 അയൽക്കൂട്ടങ്ങളിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, ഡയറക്ടർ റംലത്ത് എം, പ്രോഗ്രാം ഓഫീസർ പ്രമോദ് കെ.വി എന്നിവരടങ്ങിയ സെലക്ഷൻ കമ്മിറ്റി ഏറ്റവും മികച്ച മൂന്ന് അയൽക്കൂട്ടങ്ങളെ തിരഞ്ഞെടുത്ത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലേക്ക് അവാർഡ് നിർണയത്തിനായി അയക്കുകയുമായിരുന്നു. ഇതിൽ നിന്നാണ് മികച്ച രണ്ട് അയൽക്കൂട്ടങ്ങൾക്ക് ദേശീയ അവാർഡ് ലഭിച്ചത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**